ഉത്തരം

(എ, ബി, സി) പന്തളം മണ്ഡലത്തിലെ ചുനക്കര പി.എച്ച്.സി., സി.എച്ച്.സി. ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർ തയ്യാറാക്കി വരുന്നു. അത് ലഭിച്ച ശേഷം അംഗീകാരം നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി

155. [923] ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് മുളംകുന്നത്തുകാവിലേക്ക് മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഏതൊക്കെ ഡിപ്പാർട്ടുമെന്റുകളാണ് പുതിയ ആശുപത്രി കെട്ടിടത്തിലേക്ക് മാറ്റിയത് എന്ന് വ്യക്തമാക്കുമോ ;

(സി) മുളംകുന്നത്തുകാവിൽ സി.ടി. സ്കാൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം ഉണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗങ്ങളിലാണ് പി.ജി. കോഴ്സ് തുടങ്ങാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) പി.ജി. കോഴ്സ് തുടങ്ങുന്നതിനുള്ള കാലിക്കറ്റ് സർവ്വകലാശാലയുടെ ഇൻസ്പെക്ഷൻ നടപടി പൂർത്തിയായിട്ടുണ്ടോ ;

(എഫ്) ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ ഇതിനുള്ള അപേക്ഷ ഡി.എം.ഇ. സമർപ്പിച്ചിട്ടുണ്ടോ ; എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ ;

(ജി) പി.ജി. കോഴ്സ് തുടങ്ങുന്നതിനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ ഇതിനുള്ള ഫീസ് ഡി.എം.ഇ. കെട്ടിവെച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(എച്ച്) ജൂൺ 30 ന് മുമ്പ് ഫീസ് കെട്ടിവെക്കുകയും അപേക്ഷ സമർപ്പിക്കുകയും ചെയ്തില്ലെങ്കിൽ കോഴ്സുകൾ അനുവദിക്കുകയില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുളംകുന്നത്തുകാവിലെ 400 കിടക്കകളുള്ള ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. സർജിക്കൽ ബ്ലോക്കിലെ ശീതീകരണ സംവിധാനവും മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈനും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തിയായി വരുന്നു. 1.40 കോടി രൂപയ്ക്കുള്ള ഫർണിച്ചറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിക്കഴിഞ്ഞു. ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി.

(ബി) ശിശുരോഗ വിഭാഗവും കമ്മ്യൂണിറ്റി വിഭാഗത്തിന്റെ കീഴിലുള്ള പ്രതിരോധ കുത്തിവെപ്പ് വിഭാഗം, കൗൺസലിംഗ് വിഭാഗവുമാണ് പുതിയ ആശുപത്രി കെട്ടിടത്തിലേക്ക് മാറ്റിയത്.

(സി) മുളംകുന്നത്തുകാവിൽ സി.റ്റി. സ്കാൻ എച്ച്.ഡി.എസ്-ന്റെ സഹായത്തോടെ സ്ഥാപിക്കുവാൻ തീരുമാനിച്ചു. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി, ഇ, എഫ്, ജി & എച്ച്) തൃശ്ശൂർ മെഡിക്കൽ കോളേജിൽ പുതുതായി താഴെ പറയുന്ന പി.ജി. കോഴ്സുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

1. എം.ഡി. സൈക്കാട്രി
2. എം.എസ്. ഓഫ്ത്താൽമോളജി & ഡിപ്ലോമ
3. എം.എസ്. ഇ.എൻ.ടി.
4. എം.ഡി. പീഡിയാട്രിക്സ്
5. എം.എസ്. ജനറൽ സർജറി
6. എം.ഡി. പാത്തോളജി
7. എം.ഡി. മൈക്രോബയോളജി

മലമ്പനി, മലേറിയ തടയുന്നതിന് നടപടി

156. [924] ശ്രീ. എ.സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മലമ്പനി പടർന്ന് പിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലേറിയ ബാധിക്കുന്നവർക്ക് എന്ത് ചികിത്സാ സൗകര്യമാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly